## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (എ & റ്റി) ടെ നടപടിക്രമം

വിഷയം:- ആ.വ.ഡ – തിരുവനന്തപുരം ജില്ലയിലേക്കുള്ള ബൈട്രാൻസ്ഫർ ജീവനക്കാരുടെ സ്ഥലം മാറ്റം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നം.ഇ.ജി 5-103804/2018/ആ.വ.ഡ തീയതി 20.12.2018

2) കത്ത് നം. സി 2/46/2019/ആ.കു.വ ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് തിരുവനന്തപുരം തീയതി 14.02.2019.

## ഉത്തരവ് നം.ഇ.ജി 5-103804/2018/ആ.വ.ഡ തീയതി 19.02.2019

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II വിന്റെ പ്രൊമോഷനുമായി ബന്ധപ്പെട്ട സ്ഥാനക്കയറ്റ നടപടികളിലൂടെ ഉണ്ടായ ഒഴിവുകളിൽ മറ്റ് ജില്ലകളിൽ ജോലി നോക്കുന്ന ബൈട്രാൻസ്ഫർ ജീവനക്കാർക്ക് 1:3 അനുപാതത്തിൽ സ്വന്തം ജില്ലയിലേക്ക് പരാമർശം 1 പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I തസ്തികയിലേക്ക് നടന്ന പ്രൊമോഷൻ വഴിയുണ്ടായ ജെ.എച്ച്.ഐ ഗ്രേഡ്- II തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനും (IDT ക്കുള്ള ഒരു ഒഴിവ് ഒഴികെ) അനുവദനീയമായ ബൈട്രാൻസ്ഫർ അനുപാതത്തിനു വിരുദ്ധമായി 12 തസ്തികകൾ അധികമായി നിലവിലുള്ള സാഹചര്യത്തിൽ അനുവദനീയമായ അനുപാതം ക്രമപ്പെടുത്തുന്നതു വരെ തിരുവനന്തപുരം ജില്ലയിൽ ജെ.എച്ച്.ഐ ഗ്രേഡ്- II തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ ബൈട്രാൻസ്ഫർ നിയമനം നടത്താൻ പാടില്ല എന്ന് സൂചന 2 പ്രകാരം കർശന നിർദ്ദേശം നൽകിയ സാഹചര്യത്തിൽ പരാമർശം 1 പ്രകാരമുള്ള ഉത്തരവിൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള ജീവനക്കാരുടെ തിരുവനന്തപുരം ജില്ലയിലേക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | അനുവദിച്ച ജില്ല | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | ശ്രീ. പ്രിയദർശൻ. എസ് പ്രാഥമികാരോഗ്യ കേന്ദ്രം പാവറട്ടി, തൃശ്ശൂർ | തിരുവനന്തപുരം | പരാമർശം 2 പ്രകാരം സ്ഥലം മാറ്റം റദ്ദാക്കിയിരിക്കുന്നു. |
| 2. | ശ്രീ. അനിൽ. ജി.എം സാമൂഹികാരോഗ്യ കേന്ദ്രം, അയർകുന്നം, കോട്ടയം | തിരുവനന്തപുരം | ,, |
| 3. | ശ്രീ. ഷാജി. വി പ്രാഥമികാരോഗ്യ കേന്ദ്രം കാലടി, മലപ്പുറം | തിരുവനന്തപുരം | ,, |

തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റപ്പെട്ട ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തുടരേണ്ടതും, മെഡിക്കൽ ഓഫീസർമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതില്ലെന്നും അറിയിക്കുന്നു.

കൂടാതെ ക്രമ നമ്പർ 20 ൽ ഉൾപ്പെട്ട ശ്രീ. മുരളീധരൻ. സി.വി ജോലി ചെയ്യുന്ന സ്ഥാപനം ഇപ്രകാരം തിരുത്തൽ വരുത്തുന്നു. ടി ജീവനക്കാരനെ യഥാവിധി വിടുതൽ ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | അനുവദിച്ച ജില്ല | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | ശ്രീ. മുരളീധരൻ. സി.വി പ്രാഥമികാരോഗ്യ കേന്ദ്രം പരിയാരം, കണ്ണൂർ | കാസർഗോഡ് | സ്ഥാപനം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തുന്നു. |

ടി ഉത്തരവിന്റെ പകർപ്പ് ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപനമേധാവികൾ/ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചു തരുന്നതല്ല.

മേൽ പറഞ്ഞ പരിഷ്കരണമൊഴിച്ച് 20.12.2018 ലെ ബൈട്രാൻസ്ഫർ ജീവനക്കാരുടെ സ്ഥലം മാറ്റ ഉത്തരവ് മാറ്റമില്ലാതെ തുടരുന്നതാണ്.

ഒപ്പ്/-
ഡോ. സമീറ. എ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ് :-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
2) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ കോട്ടയം/എറണാകുളം/തൃശ്ശൂർ/പാലക്കാട്/ഇടുക്കി/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/ വയനാട്/കാസർഗോഡ്
3) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

റ്റി.എസ്സ് 21/02/2019



5243893